## Patient Information Leaflet : PIL

പേര്: (ഒലാൻസപീൻ ) Olanzapine

പൊതു ഗ്രൂപ്പ് : Antipsychotic

ചരിത്രം

1996 മുതൽ ലോകവ്യാപകമായി ഉപയോഗിച്ച് വരുന്നു. ചില പാർശ്വഫലങ്ങൾ ഈ ഗ്രൂപ്പിലെ പല പഴയ മരുന്നുകളെക്കാൾ കുറവാണ്. എന്നാൽ രക്തത്തിലെ കൊഴുപ്പും പഞ്ചസാരയും മറ്റു ചിലവയെക്കൾ കൂടുതൽ കൂട്ടിയേക്കാം. രോഗ ശാന്തി തരാനുള്ള കഴിവ് മറ്റുള്ളവ പോലെ തന്നെ എന്നോ പൊതുവിൽ മുന്നിൽ നിൽക്കുന്നു എന്നോ പറയാം. 2011 മുതൽ ഈ മരുന്ന് ജനറിക് ആയി ലഭ്യമാണ്. ( വിവിധ കമ്പനികൾ വ്യത്യസ്ത വില്പന നാമങ്ങളിൽ ഈ മരുന്ന് മാർക്കറ്റിൽ ലഭ്യമാക്കുന്നു ).

പ്രധാന ഉപയോഗം എന്താണ് ? : മാനസിക രോഗ ചികിത്സ

പ്രധാന പ്രവർത്തനം എന്താണ് ?: അയഥാർത്ഥ ചിന്തകളും അനുഭവങ്ങളും കുറക്കുന്നു. പെരുമാറ്റവും പ്രവർത്തികളും സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു.

എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു. ചിന്തകളുടെയും വികാരങ്ങളുടെയും പ്രവര്ത്തികളുടെയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മനസികലോകത്തെ സാധാരണ നിലയിലാക്കാൻ സഹായിക്കുന്നു

കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജി/ കഠിനമായ പാർശ്വഫലങ്ങൾ പണ്ടുണ്ടായെങ്കിൽ ഇക്കാര്യം ഡോക്ടറോട് പറയണം.ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. കടുത്ത ഹൃദയ രോഗങ്ങൾ ഉള്ളവർ ഇക്കാര്യം ചർച്ച ചെയ്യണം. പ്രായമായവർ വലിയ അളവ് കഴിക്കെണ്ടിവരുന്നുവെങ്കിൽ പ്രത്യേകം ശ്രദ്ധിക്കണം. Dementia, stroke, diabetes, liver and kidney disease എന്നിവ ഉള്ളവർ പ്രത്യേകം ശ്രദ്ധിക്കണം. ശരീര ഭാരം കൂടാനുള്ള സാധ്യത ഡോക്ടറോട് ചർച്ച ചെയ്യണം .

ഈ മരുന്ന് നിർദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ ചെയ്യാവുന്ന കാര്യങ്ങൾ എന്തൊക്കെ ?

നിങ്ങളോട് പൊതു ശാരീരിക ആരോഗ്യത്തെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കും. എന്തെങ്കിലും ശാരീരിക രോഗങ്ങൾ ഉണ്ടെങ്കിൽ അതിന്റെ വിശധംസങ്ങൾ ഡോക്ടർ ചോദിക്കും .നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളുമായി ഈ മരുന്ന് പോരുതപെടുന്നോ എന്ന് ഡോക്ടർ വിശകലനം ചെയ്യും. മരുന്ന് തുടങ്ങുന്നതിനു മുൻപേ ചില രക്ത പരിസോധനകൾ ചിലപ്പോൾ ആവശ്യമായി വന്നേക്കാം .ചിലപ്പോൾ ഇ സി ജി എടുക്കാൻ പറയും.

മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

ഗുളിക: സാധാരണ ഡോസ്: 5mg- 20 mg നിത്യേന . പരമാവധി ഒരു ദിനം 20 mg ആണ് പതിവ്.

ചിലപ്പോൾ രോഗാവസ്ഥ നോക്കി ഇതിൽ കൂടുതൽ നൽകിയേക്കാം . വ്യക്തമായും വലിയ ഡോസ് വേണം (ഇരുപതിൽ കൂടുതൽ ) എന്ന് ഡോക്ടർ തിട്ടപെടുതിയവർക്ക് മാത്രമേ 20 mg ലേറെ നൽകൂ. സ്ത്രീകൾ , പ്രായമായവർ , പുക വലിക്കാത്തവർ എന്നിവർക്ക് കൂടുതൽ ഡോസ് വേണ്ടിവരില്ല.

കുത്തിവെപ്പ്: ഇത് ഉടൻ റിലീസ് രൂപത്തിലുള്ളതും ( സാധാരണ) ദീർഘകാല കുത്തിവെപ്പ് രൂപത്തിലും ലഭ്യമാണ്. സാധാരണ കുത്തിവെപ്പ് മാനസിക നില പെട്ടെന്ന് നിയന്ത്രണ വിധേയമാക്കാൻ ചിലപ്പോൾ ഉപയോഗിക്കുന്നു. 10 mg ആണ് ഒരു തവണ കുത്തിവെക്കാൻ ഉപയോഗിക്കുക . ആവശ്യമെങ്കിൽ രണ്ടു മണിക്കൂർ കഴിഞ്ഞാൽ വീണ്ടും കുത്തിവെക്കാം . പരമാവധി മൂന്ന് കുത്തിവെപ്പ് ( ഒരു ദിവസം ) സാധ്യമാണ്.

ദീർഘകാല കുത്തിവെപ്പ് :രണ്ടാഴ്ച മുതൽ നാലാഴ്ച കൂടുമ്പോൾ ഒരു കുത്തിവെപ്പ് എന്നതാണ് രീതി. ഗുളിക കഴിച്ച് വ്യക്തമായും ഗുണം കണ്ടവർക്ക് മാത്രമേ ഈ കുത്തിവെപ്പ് നൽകൂ. 210-405mg ആണ് ഈ വിധത്തിൽ കുത്തിവെക്കുക. ദീർഘകാല കുത്തിവെപ്പ് തുടങ്ങുമ്പോൾ ഗുളിക നിർത്തണം .

### ഈ മരുന്ന് എതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഇത് സാധാരണ ഗുളിക , വായിൽ അലിയുന്ന ഗുളിക , സാധാരണ കുത്തിവെപ്പ് , ( അതായതു കുത്തി വെച്ചാലുടൻ മരുന്ന് മുഴുവൻ രക്തത്തിൽ താമസം കൂടാതെ എത്തുന്നതു) , മാസത്തിൽ ഒരിക്കൽ / രണ്ടു പ്രാവശ്യം മാത്രം എടുക്കുന്ന ദീർഘ കാല കുത്തിവെപ്പ് ( മരുന്ന് മാംസ പേശികളിൽ നിന്ന് പതുക്കെ ദിനതോറും രക്തത്തിൽ എത്തുന്നു, long acting injection) എന്നീ നാലു തരത്തിൽ ലഭ്യമാണ്.

### സാധാരണ കഴിക്കുന്ന രീതി എന്താണ് ?

ഈ ഗുളിക ഒരു നേരമാണ് സാധാരണ കഴിക്കുക . ഭക്ഷണത്തിന്റെ കൂടെയോ അല്ലാതെയോ കഴിക്കാം. ചിലപ്പോൾ ഒന്നിലേറെ നേരമായും നൽകാം.വായിൽ അലിയുന്ന ഗുളികയാണെങ്കിൽ (വെലോ ടാബ്) സ്ട്രിപ്പിൽ നിന്ന് എടുത്ത ഉടനെ നാവിൽ വെക്കണം. ഉടൻ അലിഞ്ഞു തുടങ്ങും. അലിഞ്ഞശേഷം ഇറക്കാം. വെള്ളത്തിലോ ജ്യൂസ്, കാപ്പി എന്നിവയിൽ കലക്കിയും ഇത് കുടിക്കാം. സാധാരണ ഗുളികയാണെങ്കിൽ വിഴുങ്ങുക.

### പാർശ്വഫലങ്ങൾ എന്തൊക്കെ ?

പലപ്പോഴും യാതൊരുവിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല . ചിലപ്പോൾ വിശപ്പു കൂടൽ , ക്ഷീണം, തലകറക്കം ,മലബന്ധം , മന്ദത, ശരീര ഭാരം കൂടൽ, രക്തത്തിലെ പഞ്ചസാരയും കൊഴുപ്പും കൂടുക, കരൾ പ്രവർത്തനത്തിൽ ചില വ്യത്യാസങ്ങൾ, തൊലിയിൽ സൂര്യ പ്രകാശം തട്ടുമ്പോൾ വിണ്ടു പൊളിയുക എന്നിവ കണ്ടേക്കാം .

### ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

1.ശാരീരികമായ കടുത്ത അസ്വസ്ഥതകൾ

2.കടുത്ത മസിൽ ബലംപിടുത്തം, പനി, വിയർപ്പ്, വർധിക്കുന്ന ആശയക്കുഴപ്പം

### സാധാരണ പാർശ്വഫലങ്ങൾ കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ ( ക്ഷീണം , മന്ദത, ഉറക്കക്ഷീണം, തലവേദന ) കുറച്ചു ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപെടുവാൻ ചിലപ്പോൾ കുറച്ചു ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി

വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം . തുടർച്ചയായി ബുദ്ധിമുട്ടുണ്ടാക്കുന്ന പാർശ്വഫലങ്ങളും കടുത്ത തോതിലുള്ളവയും ഡോക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരണം . ശരീര ഭാരം കൂടുന്നുവെങ്കിൽ ഭക്ഷണത്തിൽ കൊഴുപ്പുള്ളവ കുറക്കുകയും കൂടുതൽ വ്യായാമത്തിൽ ഏർപ്പെടുകയും ചെയ്യുക .

### ഗർഭിണികൾക്ക് കഴിക്കാമോ ?

മരുന്നു കഴിക്കാതിരുന്നാൽ മാനസിക രോഗം കൂടുകയും അത് ജനിക്കാനിരിക്കുന്ന കുഞ്ഞിനെ ദോഷകരമായി ബാധിക്കുകയും ചെയ്യാം. മരുന്ന് കഴിച്ചാലുള്ള ഗുണങ്ങളും ദോഷങ്ങളും ഡോക്ടറുമായി സംസാരിച്ചു തീരുമാനം എടുക്കുക. ഗുണകരമായ കാര്യങ്ങൾ ഉണ്ടെങ്കിൽ കഴിക്കുക.

### പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വളരെ ചെറിയ തോതിൽ വന്നേക്കാം. കഴിക്കുന്നത് കൊണ്ടുള്ള ഗുണങ്ങൾ കൂടുതൽ എങ്കിൽ ഡോക്ടറുടെ നിർദേശം അനുസരിച്ച് കഴിക്കുക.

### കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

മദ്യം ഒഴിവാക്കണം. ഡ്രൈവിംഗ് ഒഴിവാക്കണം. ഡോക്ടറോട് ചോദിച്ച ശേഷം മാത്രം വാഹനം ഓടിക്കുക. നിർദേശിച്ച അളവിൽ മാത്രം കഴിക്കുക. പ്രമേഹം ഉള്ള ആളാണെങ്കിൽ രക്തത്തിൽ ൽ ക്കണം.

### എത്ര കാലം മരുന്ന് കഴിക്കണം?

ഡോക്ടർ പറയാതെ നിർത്തരുത് . ചിലപ്പോൾ കൂടുതൽ കാലം കഴിക്കേണ്ടി വന്നേക്കാം. മാനസിക പ്രശ്നങ്ങൾ വീണ്ടും വരാതിരിക്കാൻ നീണ്ട കാലം കഴിക്കുന്നവരുണ്ട്. ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക.

Produced by Institute for Mind and Brain, Inmind , Minaloor, Thrissur, 680581. www.inmind.in.
Distributed by Openmind, Mental Health Charity, Thrissur, Kerala.